035803

No.60/SJD/RTI/M (HFW&SJ)/2017

ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രിയുടെ കാര്യാലയം,
സെക്രട്ടറിയേറ്റ്,തിരുവനന്തപുരം
തീയതി – 16/10/17

**പബ്ലിക് ഇൻഫർമേഷൻ ഓഫിസർ**

**ശ്രീ. എസ്. രാഘവൻ**
**ടി.സി 48/92 (1)**
**കൗസ്തുഭം**
**അമ്പലത്തറ**
**തിരുവനതപുരം - 695026**

OFFICE OF THE DIRECTOR OF SOCIAL ... TRIVANDRUM

**സർ,**

വിഷയം :- വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്
സൂചന :- താങ്കളുടെ 11/10/17-ലെ അപേക്ഷ.

സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ **മിഷൻ, പൂജപ്പുര, തിരുവനതപുരം - നും, ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, പി.എം.ജി, തിരുവനതപുരം - നും അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.**

വിശ്വസ്തതയോടെ

കെ.വി.സുധീർ
അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി &
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ കാര്യാലയം

അപ്പീൽ അധികാരി
**അഡ്വ:പി.സന്തോഷ്**
പ്രൈവറ്റ് സെക്രട്ടറി
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ കാര്യാലയം
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

പകർപ്പ് : (1) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
(2) ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം

1494 60/SJ/RTI/M CHASJ/2017.

**S.Raghavan**

TC 48/92(1), Kousthubham
Ambalathara, Trivandrum -26
Mob: 9447529727

---

Dated: 11.10.2017




**സ്വീകർത്താവ്**

**ഇൻഫർമേഷൻ ഓഫീസർ (RTI)**
**ആരോഗ്യസാമൂഹിക ക്ഷേമ വകുപ്പ് മന്ത്രാലയം**
**ഗവ:സെക്രട്ടേറിയറ്റ് തിരുവനന്തപുരം**

**വിഷയം :- വയോജന സംരക്ഷണ നിയമങ്ങൾ - വിവരാന്വേഷണം**

**സൂചിക:- 1) 2017 ഒക്ടോബർ 6-ാം തീയതിയിലെ മാതൃഭൂമി വാർത്ത (പകർപ്പ് സമർപ്പിക്കുന്നു)**
**2) വിവരാവകാശനിയമം 2005**

സർ,

സൂചികയിൽ കാണിച്ചിരിക്കുന്ന പത്രവാർത്തപ്രകാരം "വയോജനസംരക്ഷണ മേഖലയിൽ കേരളത്തിന് കേന്ദ്ര സർക്കാറിന്റെ മികച്ച സംസ്ഥാനത്തിനുള്ള **അംഗീകാരം ലഭിച്ചതായി മന്ത്രി കെ.കെ ശൈലജ അറിയിച്ചിരിക്കുന്നതായി കാണുവാൻ സാധിച്ചു. 86 വയസ്സുള്ള ഒരു കേരളീയനായ ഞാൻ ഈ നേട്ടത്തിൽ വളരെയേറെ അഭിമാനിക്കുകയും ബഹു.മന്ത്രിയുൾപ്പെടെ ബന്ധപ്പെട്ട എല്ലാ വരേയും അഭിനന്ദിക്കുകയും ചെയ്യുന്നു.** എന്നാൽ പ്രായാധിക്യം കൊണ്ടുള്ള അവശതകളും ഒറ്റപ്പെടൽ മൂലമുള്ള പരിമിതികളും കൊണ്ടായിരിക്കാം ഈ പദ്ധതി കളുടെ വിശദാംശങ്ങൾ അറിയുന്നതിനോ അതിന്റെ ഗുണഫലങ്ങളിൽ പങ്കാളിയാകു ന്നതിനോ എനിക്കു കഴിഞ്ഞിട്ടില്ല. എന്റെ അറിവിലുള്ള സമകാലീയരോ, സാമൂഹ്യ നീതി വകുപ്പു പ്രവർത്തകരാരും തന്നെയോ എന്തെങ്കിലും വിവരം അറിയാവുന്ന തായി എന്നെ അറിയിച്ചിട്ടുമില്ല. അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കു ന്നതിൽ എനിക്കു പറ്റിയ വീഴ്ച ഞാൻ സ്വയം സമ്മതിക്കുന്നു. എന്നാൽ രാജ്യത്തെ ഏറ്റവും മികച്ച നേട്ടം കൈവരിച്ച കേരളത്തിലെ സ്ഥിതിയിതാണെങ്കിൽ മറ്റു സംസ്ഥാനങ്ങളിലെ വയോജനങ്ങളുടെ നില എത്രമാത്രം പരിതാപകരമായിരിക്കു മെന്ന് ചിന്തിയ്ക്കുവാൻ പോലും പ്രയാസമാണ്.

മേൽ പറഞ്ഞവസ്തുതകളിൽ എനിക്കുള്ള ആശങ്ക ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അറിയിക്കണമെന്നപേക്ഷിക്കുന്നതിനോടൊപ്പം താഴെ പറയുന്ന വിവരങ്ങളും രേഖ കളും എനിയ്ക്കു ലഭ്യമാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

1. തിരുവനന്തപുരം ജില്ലയിൽ പകൽ വീട് പദ്ധതിപ്രകാരം പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എവിടെയല്ലാമുണ്ട്? അവയുടെ മേൽവിലാസവും ഫോൺ നമ്പരും

അവിടെയുള്ള സൗകര്യങ്ങളും ഗുണഭോക്താവാകുന്നതിനുള്ള നടപടിക്രമങ്ങളും അറിയിച്ചുതരാൻ അപേക്ഷിക്കുന്നു.

2. ''2007 -ൽ നിലവിൽ വന്ന മെയിന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് സീനിയർ സിറ്റിസൺസ് ആക്റ്റ് 2007'' ന്റെ പകർപ്പ് ലഭ്യമാക്കുവാൻ അപേക്ഷ.

3. ''65 വയസ്സ് കഴിഞ്ഞവർക്ക് സൗജന്യമരുന്നും ചികിത്സയും ലഭ്യമാക്കുന്ന വയോമിത്രം പദ്ധതി'' യുടെ പകർപ്പുകൂടി ലഭ്യമാക്കണം.

**പകർപ്പുകൾ ലഭ്യമാക്കുവാൻ ബുദ്ധിമുട്ടുള്ള പക്ഷം അവയിൽ പ്രതിപാദിച്ചിരി**ക്കുന്ന വിവരങ്ങളുടെ പ്രസക്തഭാഗങ്ങളെങ്കിലും അറിയിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ ഫീസ് എത്രയെന്നറിയിച്ചാൽ ആയത് ഉടൻ തന്നെ എത്തിച്ചുകൊള്ളാമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

**എസ്സ്.രാഘവൻ**

**പകർപ്പ് 1) ബഹു.മന്ത്രി ശ്രീമതി കെ.കെ ശൈലജ (കവറിംഗ് ലെറ്റർ സഹിതം)**

**2) പത്രാധിപർ, മാതൃഭൂമി ദിനപ്പത്രം, തിരുവനന്തപുരം (കവറിംഗ് ലെറ്റർ സഹിതം)**

Encl : പത്രവാർത്തയുടെ പകർപ്പ്